EPISCOPAL CURIA DIOCESE OF COCHIN * FORT COCHIN, S.INDIA *

**BISHOP'S HOUSE**
COCHIN - 682 001, S. INDIA

Phone: 0484 2215400 (Office)
Fax: 0484 2215404
bpjosephkariyil@gmail.com

**PL/04/2016**

പ്രിയ സഹോദരൻമാരേ,

ഹ്രസ്വകാലപദ്ധതികൾ, ദീർഘകാലപദ്ധതികൾ എന്ന് രണ്ടിനം അജണ്ടകൾ നമ്മുടെ അജപാലനപദ്ധതിയിലുണ്ടാവണമെന്ന് ജനുവരിമാസത്തിൽ ഞാൻ നിങ്ങൾക്ക് എഴുതിയിരുന്നു. തലമുറകളെ മുന്നിൽക്കണ്ടുള്ളതും സമയമാവശ്യപ്പെടുന്നതും വിശ്വാസവളർച്ചയ്ക്കും സമൂഹനിർമ്മിതിക്കും സഹായിക്കുന്നവയുമാണ് ദീർഘകാല പദ്ധതികൾ. ഒരു ബൈബിൾവാചകത്തിന്റെ കൃത്യം റഫറൻസിനായി ഞാൻ ഏശയ്യാപ്രവാചകന്റെ പുസ്തകം നോക്കുകയായിരുന്നു. എനിക്കേറ്റവും ഇഷ്ടപ്പെട്ട വിശുദ്ധഗ്രന്ഥഭാഗങ്ങളിലൊന്നാണ് ഏശയ്യായുടെ പുസ്തകം. ദൈവത്തിന്റെ അധരങ്ങളിൽ നിന്നു പുറത്തുവരുന്ന വചനത്തിന് ഫലരഹിതമായിപ്പോകുക എന്ന പ്രതിസന്ധി ഇല്ലാ എന്ന ഭാഗമാണ് ഞാൻ അന്വേഷിച്ചത്. ഞാൻ വായിച്ചുതുടങ്ങി: "മഴയും മഞ്ഞും ആകാശത്തുനിന്നും വരുന്നു. അത് സസ്യങ്ങൾ മുളപ്പിച്ച് ഫലം നൽകി, വിതയ്ക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും നൽകുന്നു. എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ. ഫലരഹിതമായി അത് തിരിച്ചുവരില്ല; എന്റെ ഉദ്ദേശ്യം അതുനിറവേറ്റും; ഞാൻ ഏല്പ്പിക്കുന്നകാര്യം വിജയപ്രദമായി ചെയ്യും" (ഏശയ്യാ 55:10–11). നേരത്തേ അനേകവട്ടം ഈ ഭാഗം വായിച്ചിരുന്നിട്ടും ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാതിരുന്ന ഒരു കാര്യം എനിക്കുവെളിപ്പെട്ടുകിട്ടുന്നതുപോലെ തോന്നി.

കാർഷികപശ്ചാത്തലത്തിൽ ജനിച്ചുജീവിച്ചിട്ടും ഗ്രഹിക്കാതിരുന്ന ഒരുകാര്യമാണ് മനസ്സിൽ തെളിഞ്ഞുവന്നത്. ഭക്ഷണത്തിനുവേണ്ടിയാണ് കൃഷി എന്നാണ് എപ്പോഴും കരുതിയിരുന്നത്. വയലിൽനിന്ന് ഊണുപാത്രത്തിലേയ്ക്ക് എന്ന ധാരണയാണ് ഉണ്ടായിരുന്നത്. എന്നാൽ, അടുത്ത വിളയ്ക്കുള്ള, ഭാവിയിലെ വിളയ്ക്കുള്ള, വിത്തിന്റെ കാര്യം കഴിഞ്ഞേ അന്നന്നേപ്പത്തിന്റെ പ്രശ്നമുദിക്കുന്നുള്ളുവെന്ന് വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കിത്തരുന്നു! "അന്നവിചാരമല്ല മുന്നവിചാര"മാകേണ്ടതെന്ന് എനിക്കു മനസ്സിലാകുന്നു! നൂറായാലും അറുപതായാലും, വിള ഇനി മുപ്പതുമേനിയായി ചുരുങ്ങിയാലും, വിളയുടെ നല്ലഭാഗം, നല്ലൊരുഭാഗം വിത്തിനായി കരുതണം. ലോഭിച്ചുവിതച്ചാൽ, കൊയ്തെടുക്കാൻ വിള വേണ്ടത്രയുണ്ടാവില്ല. വയലിലേയ്ക്കുകരുതി കൊണ്ടുവരുന്ന വിത്ത് വഴിവക്കിലും മുൾപ്പടർപ്പിലും പാറയിടുക്കുകളിലുംകൂടി വീണുപോകാവുന്ന സാഹചര്യം നിലനില്ക്കേ, വിത്ത് കൂടുതൽ കരുതേണ്ടിവരുന്നു. വിത്തുവിചാരമാണ് അന്നവിചാരത്തേക്കാൾ ആദ്യം മനസ്സിലുണ്ടാവേണ്ടത്. വിതയ്ക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും എന്ന പൂർവ്വാപരക്രമം തെറ്റിക്കരുതാത്തതാകുന്നു. സമൃദ്ധമായ വിളകിട്ടിയ ധനികൻ വലിയ അറപ്പുരകൾ പണിത്, ധാന്യം ശേഖരിച്ച്, വിശ്രമിക്കാനും തിന്നുകുടിച്ച് ജീവിക്കാനും ആലോചിച്ചതിനാലാണ് – അതായത്, വിത്തിനെയും വിതയേയും മറന്ന് ആഹരിക്കുന്നതിനെക്കുറിച്ചുമാത്രം ചിന്തിച്ചു പോയതുകൊണ്ടുകൂടിയാണ് "ഭോഷാ!" എന്ന് അവനെ ദൈവം വിളിക്കുന്നത് (ലൂക്കാ 12:13–21).

പ്രകൃതിയിൽ വളരുന്നവ പറിച്ചുതിന്നും, നായാടിയും ഭക്ഷണം കണ്ടെത്തിയിരുന്ന ആദിമ മനുഷ്യന്, ദിവസത്തിന്റെ സിംഹഭാഗവും 'ഇരതേടലി'നായി വേണ്ടിയിരുന്നു. ധാന്യംമാത്രം കൊണ്ടു ജീവിക്കുന്ന ചില ജീവികൾ അനുകൂലമല്ലാത്ത കാലാവസ്ഥയിലേയ്ക്ക്

ഗുഹകളിലും മറ്റും കരുതിവെച്ചിരുന്ന ധാന്യമണികൾ യാദൃശ്ചികമായി കണ്ടെത്തിയതിനെത്തുടർന്നാവണം വിത്തിനെക്കുറിച്ചുള്ള ധാരണകളും കൃഷിയെക്കുറിച്ചുള്ള ധാരണകളുമൊക്കെ മനുഷ്യനു കിട്ടുന്നത്. ആഹാരത്തിനുവേണ്ടിയുള്ള കരുതിവയ്പ്പാണെങ്കിലും ഭാവിയിലെകാര്യത്തിനാണ് ആ കരുതിവയ്ക്കൽ എന്നത് മാനുഷികചിന്തകൾക്കും പ്രവൃത്തികൾക്കും വേണ്ട ഭാവ്യുന്മുഖത കൃത്യമായി സൂചിപ്പിക്കുന്നുണ്ട് എന്നകാര്യം ശ്രദ്ധേയമാണ്. സർവ്വരും ഒരുമിച്ചുവേട്ടയാടിയും പ്രകൃതിയിൽ കാണുന്നവ പറിച്ചെടുത്തുതിന്നും നീങ്ങിയിരുന്ന ശീലങ്ങളിൽ നിന്ന് (Hunter-Gatherer Culture) കുറച്ചുപേർ ജോലിചെയ്ത് എല്ലാവർക്കും ഭക്ഷണമുണ്ടാക്കുന്നതിനെക്കുറിച്ചും ഒരിടത്തു സ്ഥിരതാമസമാക്കുന്നതിനെക്കുറിച്ചുമൊക്കെയുള്ള കാര്യങ്ങൾ തദനന്തരം ഉണ്ടാകുന്നതാണ്. കൈവന്ന ഒഴിവുസമയം മറ്റുകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ തുടങ്ങിയപ്പോഴാണ് 'സംസ്കാര'ത്തിന് ആരംഭം കുറിച്ചതെന്നും ഓർക്കാം. വിളയെ അന്നന്നേപ്പത്തിനുള്ള വിഭവംമാത്രമായി കാണുന്നതിനുമപ്പുറം അന്യനും അയൽക്കാരനും ജനിക്കാനിരിക്കുന്നവനും കൂടി അവകാശപ്പെട്ടതാണ് അത് എന്നു മനസ്സിലാക്കിയാലേ ഒരുവൻ സംസ്കൃതചിത്തനാവൂ എന്നും വരുന്നു! അനുദിനമുള്ള അന്നപാനവിചാരങ്ങളിൽ മാത്രം ഒതുങ്ങുന്ന ജീവിതം ക്രൈസ്തവികമല്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം വർത്തമാനകാലം വഴിമദ്ധ്യേയുള്ള ഒന്നുമാത്രമാണ്. വർത്തമാനകാലം ഭാവിക്കുവേണ്ടിയുള്ളതാണ്. വന്നിരിക്കുന്നതെല്ലാം വരാനിരിക്കുന്നതിന്റെ സുസ്ഥിതിക്കായുള്ളതാണ്. വർത്തമാനകാലം കടന്നുപോകുന്നതാണ് – അന്നപാനം പോലെ "ഉപഭോഗ"ത്തോടെ തീർന്നുപോകുന്നത്.

വിത്ത് സാധ്യതകളുടെ ഒരു മഹാസമുച്ചയമാണ്. വൻവൃക്ഷത്തെ തന്നിലൊളിപ്പിച്ചിരിക്കുന്ന സുവിശേഷത്തിലെ കടുകുമണിയെ ഓർക്കുക. സമയത്തിന്റെ പൂർണ്ണതയിൽ അത് വളർന്ന് പക്ഷികൾക്കു ചേക്കേറാൻ ചില്ലകളും തണൽപരത്തുന്ന ചില്ലകളുമാവും. നേർക്കുനേർ കാണാനാവുന്ന നാട്ടിലെത്തുന്നതുവരെ എല്ലാം കണ്ണാടിയിലെ പ്രതിഫലനമാണ്. ഒരു ഇടംവലംതിരിവ് ആ കാഴ്ചകൾക്കുണ്ട്. കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യമാണ് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പാകുന്നത്. കാട്ടുനീതിയുടെ പശ്ചാത്തലത്തിൽ ചിന്തിച്ചുനോക്കാം. വലുത് ചെറുതിനെ വിഴുങ്ങുന്നതാണ്, ദുർബലമായത് ബലവാന് ഇരയാകുന്നതാണ്, കാട്ടിലെ നീതി. പ്രാണവായുപോലെതന്നെ മരണഭീതിയും അന്തരീക്ഷത്തിൽ വ്യാപിച്ചുനില്ക്കുന്നു. പശു വളരെവേഗത്തിലാണ് ഭക്ഷണം കഴിക്കുന്നത്. ശത്രുഭീഷണി ഒഴിഞ്ഞ ഒരിടത്തെത്തിക്കഴിഞ്ഞാലാണ് അത് അയവിറക്കുന്നത്. പശുവിനെ സംബന്ധിച്ച്, അസ്വദിച്ച്, രുചിയറിഞ്ഞ് ചെയ്യേണ്ട ഒരു കാര്യമാകുന്നില്ല ഭക്ഷണം കഴിക്കൽ. ഭക്ഷിക്കുക എന്ന വർത്തമാന ക്രിയ ഒരു നിർവ്വികാരക്രിയയാകുന്നു. തീയിൽ ചുട്ട മാംസം, പുളിപ്പിക്കാത്ത അപ്പം, കയ്പ്പുള്ള ഇലകൾ – ഈ വിഭവങ്ങൾ അരമുറുക്കി, ചെരിപ്പുകളണിഞ്ഞ്, വടി കയ്യിലേന്തി, തിടുക്കത്തിൽ ഭക്ഷിക്കേണ്ടുന്ന പെസഹാ ഭക്ഷണരീതിക്ക് ഇതിനോടൊരു സാമ്യമില്ലേ? കാനാനിലെത്തി, സ്വന്തം നാടിന്റെ സ്വസ്ഥതയിലേ തേനും പാലുമൊക്കെ രുചിയറിഞ്ഞു ഭക്ഷിക്കാൻ പറ്റുന്നുള്ളൂ. അതിനിടയിൽ ഈജിപ്റ്റിലെ അടുപ്പിൽ വെച്ചിരിക്കുന്ന ഇറച്ചിക്കലത്തിൽ നിന്നുള്ള മണം ഒരു തിരിച്ചുപോക്കിന്റെ പ്രലോഭനം വച്ചുനീട്ടുകയും ചെയ്തെന്നിരിക്കും.

വർത്തമാനകാലം ഭാവികാലമായി വളർന്നുവരുന്ന ഒരു രീതി നമ്മുടെ മനസ്സിൽ വേരുറപ്പിച്ചിരിക്കണം. ഭാവിയിലെ പൂർണ്ണത ഏതു തുടക്കത്തിന്റെയും ആദ്യപരിഗണനയായി വരണം. ആദ്യം വിത്ത്; പിന്നെ, ഭക്ഷിക്കാൻ ആഹാരവും എന്ന പൂർവ്വാപരക്രമചിന്ത. അപ്പം കൊണ്ടുമാത്രമല്ല മനുഷ്യപുത്രൻ ജീവിക്കുന്നത് (നിയമ. 8:4) എന്നകാര്യം കൂട്ടിവായിക്കാവുന്നതാണ്. അന്നന്നേപ്പത്തിനാവശ്യമായ വിഭവശേഖരണത്തിനുവേണ്ടിയുള്ള ഒരു പരിശ്രമം എന്നതിനപ്പുറം വിത്തിടലിനെ തലമുറകൾക്കുവേണ്ടിയുള്ള, ഭാവിക്കായുള്ള, കരുണാർദ്രമായ കരുതലിന്റെ പ്രകടനമായി കണക്കാക്കണം. കൊയ്തെടുത്ത വിളമുഴുവൻ ഭക്ഷിക്കുന്നത്, അത് ആഹരിക്കുന്നവർ അനേകരായാൽപ്പോലും, തെറ്റാവുന്നു, തലമുറകൾക്കെതിരെയുള്ള പാപമാകുന്നു. കാരണം, ഇവിടെ 'സ്വാർത്ഥത'മാത്രമേയുള്ളു.

എന്നിൽതുടങ്ങി എന്നിലവസാനിക്കുന്ന ഒന്നായി ഈ ലോകം മാറുന്നു. ഭൂമിയിൽ ഒതുങ്ങിപ്പോകുന്ന, എന്റെ കാലപരിമിതികളിൽ ഒതുക്കപ്പെടുന്ന, ഒന്നായി ലോകം തീർന്നുപോകുന്നു. ഒരു രൂപാന്തരീകരണം എനിക്കോ ഈ ഭൂമിക്കോ ഉണ്ടാകുന്നില്ല! തിന്നുമുടിക്കുക എന്ന ഉപഭോഗസംസ്കാരമാണിത്. വിത്തുകുത്തിത്തിന്നുന്ന ജീവിതശൈലിയാണ് ഉപഭോഗസംസ്കാരം. ഈ ലോകത്തിലെ അവസാനത്തെ തലമുറ എന്ന രീതിയിൽ സർവ്വവും മുടിച്ചുതീർക്കുന്ന ശീലവുമാണത്. ഉപഭോഗ സംസ്കാരത്തിനെതിരെയുള്ള പ്രതിരോധമായി വിശുദ്ധ ഗ്രന്ഥത്തിലെ "വിതയ്ക്കാൻ വിത്തും ആഹരിക്കാൻ ഭക്ഷണസാധനങ്ങളും" എന്ന വിളയുടെ മുൻഗണനക്രമത്തെ സ്വീകരിക്കാവുന്നതാണ്. പ്രഥമത: വിത്ത്; അതിനുശേഷം ഭക്ഷിക്കാൻ ആഹാരവും എന്ന ക്രമം മുൻതൂക്കം നേടുന്നതോടെ ഉപഭോഗത്തിനു നിയന്ത്രണമുണ്ടാകും; ഭാവിക്കായുള്ള കരുതൽ കൂടുകയും ചെയ്യും.

ആദ്യം സ്വർഗ്ഗരാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുമ്പോഴേ ഒരുവനു "താൻമാത്രചിന്ത"യിൽ നിന്നു പുറത്തുകടക്കാനാവൂ. വിശ്വാസദാർഢ്യത്തിന്റെയും പ്രത്യാശയുടെയും പാതയിൽ യഹൂദമതം എത്തിച്ചേരുന്നതിനുമുമ്പുള്ള മനോഭാവം വെളിവാക്കുന്ന സഭാപ്രസംഗകന്റെ വിചാരധാര പരിചിതമാണല്ലോ. അനുഭവിക്കാനുള്ള യോഗമാണ് ഏറ്റവും പ്രധാനമെന്ന് അദ്ദേഹം കരുതി. അധ്വാനഫലം പിൻഗാമിക്കു വിട്ടുനൽകേണ്ടിവരുന്നതു കഷ്ടമാണ്. അതിനാൽ "ഞാൻ മനസ്സുകെട്ട് സൂര്യനുകീഴേയുള്ള എല്ലാ പ്രയത്നങ്ങളിലുംനിന്നു പിൻമാറി" (2:20). അപ്പോൾ "ദൈവദത്തമായ ഈ ഹ്രസ്വജീവിതം മനുഷ്യൻ തിന്നുകുടിച്ചും അധ്വാനഫലം ആസ്വദിച്ചും കഴിക്കുന്നതാണ് ഉത്തമവും യോഗ്യവു"മെന്ന് അദ്ദേഹം കരുതി. ഉപഭോഗസംസ്കാരത്തിന്റെ പിന്നിലുള്ളതും ഈ ദർശനംതന്നെയല്ലേ? ക്രിസ്തുവിന്റെ പ്രത്യാഗമനം ആസന്നമായിരിക്കുമെന്ന് വ്യാജപ്രബോധകൻമാർ തെറ്റിദ്ധാരണപരത്തിയപ്പോൾ തെസ്സലോണിയാക്കാരിൽ ചിലർ എല്ലാത്തരം അദ്ധ്വാനങ്ങളിൽനിന്നും പിൻമാറി. "എല്ലാകാര്യങ്ങളിലും ഇടപെടുകയും എന്നാൽ, ഒരു പ്രവൃത്തിയും ചെയ്യാതെ അലസരായിക്കഴിയുകയും ചെയ്യുന്ന ചിലർ നിങ്ങളുടെയിടയിലുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു" (2 തെസ്സ. 3:11) വെന്ന് അപ്പോസ്തലൻ അവർക്കെഴുതി. ജോലിചെയ്ത് അപ്പം ഭക്ഷിക്കാൻ അവരോട് അദ്ദേഹം ആവശ്യപ്പെട്ടു. നാളെ ജീവിതമുണ്ട് എന്നവിചാരത്തിൽ ഇന്നും അദ്ധ്വാനത്തിൽ മുഴുകാൻ വിശ്വാസികളായിട്ടുകൂടി അവർക്കുസാധിച്ചില്ല. സദാ പ്രവർത്തനനിരതരാവുക എന്നതാണ് നാളേയ്ക്കുള്ള മുൻകരുതൽ.

കഴിഞ്ഞ ഡിസംബറിൽ പുറത്തിറങ്ങിയ "ദൈവത്തിന്റെ പുസ്തകം" എന്ന നോവൽ ഞാൻ വായിക്കാൻ തുടങ്ങിയിരിക്കുകയാണ്. തമോഗർത്തത്തെക്കുറിച്ചുള്ള ഗവേഷണത്തിൽ വെളിപ്പെട്ടുകിട്ടിയ വിവരങ്ങൾ ലോകത്തിനു വെളിവാക്കിയാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ശ്രീഹരിക്കോട്ടയിലെ ശാസ്ത്രജ്ഞന്മാരായ കുട്ടിശങ്കരനും ഹസ്സൻകുട്ടിയും ആലോചിക്കുകയാണ്. തമോഗർത്ത (Black Hole) സ്വാധീനത്തിൽ ലോകം പെട്ടാൽ പുൽക്കൊടിപോലും ബാക്കിനില്ക്കാത്ത കൂട്ടനാശമാണുണ്ടാകുക. "ലോകാവസാനത്തിന്റെ വിവരം ആളുകളെ നല്ലവരായാണോ ചീത്തവരായാണോ മാറ്റുക?" എന്ന് അവർ പരസ്പരം ചോദിക്കുന്നു. മരണം ഉറപ്പിക്കപ്പെട്ട ഒരു അർബുദരോഗി മരിക്കുംമുമ്പ് തന്റെ വമ്പിച്ച സ്വത്തുകൊണ്ട് വലിയൊരു പാലിയേറ്റീവ് ക്ലിനിക്ക് സ്ഥാപിച്ചതിനെക്കുറിച്ചും മരണവിധി കാത്തുകിടക്കുന്ന ഒരു കൊലയാളി തന്റെ കിഡ്നി ദാനം ചെയ്തതിനെക്കുറിച്ചും അവർക്ക് അറിവുണ്ട്. എന്നിട്ടും "തന്റെ ചെയ്തികൾ തന്റെ ഓർമ്മയിലല്ല, മറ്റുള്ളവരുടെ ഓർമ്മയിൽകൂടി ഉണ്ടാവില്ലെന്ന സംഗതി ഉറച്ചാൽ അപ്പോഴറിയാം മനുഷ്യന്റെ യഥാർത്ഥരൂപം" എന്നാണ് ഇരുവരും കരുതുന്നത്. സാംസ്കാരികമായൊരു ലോകം തനിക്കുശേഷവും നിലനില്ക്കുമല്ലോ എന്ന സങ്കോചം മനുഷ്യരെ അതിക്രമങ്ങൾ കാട്ടുന്നതിൽനിന്ന് അകറ്റിനിർത്തുമെന്നു അവർ വിചാരിക്കുന്നു!

തന്റെ ഉയർന്ന ഉപഭോഗനിരക്കാണ് തന്റെ വില, തന്റെ വലുപ്പം എന്നു മനുഷ്യർ വിചാരിക്കാൻ തുടങ്ങുമ്പോൾ അഴിമതി എന്ന പ്രതിഭാസം ജനിക്കുന്നു. വേഗത്തിൽ

പണമുണ്ടാക്കുക, കീശനിറയെ തീരാത്ത കാശുണ്ടാവുക, എന്നത് അഭിലഷണീയമായ "മൂല്യ"മായി പരിഗണിക്കപ്പെടും. Fast Cash ന്റെ അണുക്കൾ സമൂഹമാകെ പടരും. വ്യക്തിജീവിതത്തിന്റെയും സമൂഹജീവിതത്തിന്റെയും അടിത്തറ തകർക്കുന്ന തിന്മയാണ് അഴിമതി. "പ്രത്യാശയോടെ ഭാവിയെനോക്കുന്നതിൽനിന്ന് അഴിമതി നമ്മളെ തടയുന്നു; കാരണം ദുർബലരുടെ ജീവിതപദ്ധതികളെ അത് തകർക്കുകയും ഏറ്റവും ദരിദ്രരായവരെ അത് ചവിട്ടിയരയ്ക്കുകയും ചെയ്യുന്നു"വെന്ന് ഫ്രാൻസിസ് മാർപാപ്പാ കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള തന്റെ തിരുവെഴുത്തിൽ (No. 19) പറയുന്നുണ്ട്. അഴിമതി പണം എത്തേണ്ടിടത്ത് എത്തുന്നതിനുപകരം ഇടയ്ക്കുവച്ച് ചോർന്നുപോകുന്നു എന്നകാര്യം മാത്രമല്ല; അത് മനുഷ്യരുടെ ജീവന്റെയും സുസ്ഥിതിയുടെയും പ്രശ്നമാണ്.

Transparency International ന്റെ റിപ്പോർട്ടുപ്രകാരം ലോകത്തിലെ 68% രാജ്യങ്ങളും അഴിമതിയുടെ പിടിയിലാണ്. അഭിപ്രായ സർവ്വേകളിലൂടെയും പതിനൊന്നോളം വിദഗ്ദ അന്താരാഷ്ട്രസമിതികളുടേയും വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ് ഗ്രേഡുനിർണ്ണയിക്കുന്നത്. ഒട്ടും അഴിമതി ഇല്ലാത്ത (Very Clear) രാജ്യങ്ങൾക്ക് 100 മാർക്ക്. വളരെ അഴിമതിയുള്ള രാജ്യത്തിന് "0"മാർക്കും. 177 രാജ്യങ്ങളുടെ കണക്കാണ് ലിസ്റ്റിലുള്ളത്. ഇന്ത്യയ്ക്കു കിട്ടിയ മാർക്ക് 38 ആണ്. 50 മാർക്കിൽകുറവുകിട്ടിയ രാജ്യങ്ങളെല്ലാം അഴിമതിയുടെ പിടിയിലമർന്നിരിക്കുന്ന രാജ്യമായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യയുടെ സ്ഥാനം 76 ആണ്. അഫ്ഗാനിസ്ഥാൻ 166–ാം സ്ഥാനത്തും ഉത്തരകൊറിയ 167–ാം സ്ഥാനത്തും നിൽക്കുന്നു. അഴിമതി രഹസ്യമായി നടക്കുന്ന കാര്യമായതിനാൽ കണക്കു കാണിക്കുന്നതിലും ഭീകരമാവാം യാഥാർത്ഥ്യം. അഴിമതി ഏറ്റവുംകുറഞ്ഞ രാജ്യങ്ങളുടെ പട്ടിക തുടങ്ങുന്നത് ഡെൻമാർക്ക്, ഫിൻലന്റ്, സ്വീഡൻ, ന്യൂസിലാന്റ്, നെതർലാന്റ് എന്നിങ്ങനെയാണ്. പക്ഷേ ഈ രാജ്യത്തുനിന്നുള്ള കമ്പനികൾ ദരിദ്ര രാജ്യങ്ങളിൽ പ്രവർത്തനം നടത്തുന്നത് കൈക്കൂലി കൊടുത്ത് കോൺട്രാക്റ്റുകൾ നേടിയെടുത്താണെന്ന പരാതി നിലവിലുണ്ട്. കൈക്കൂലി കൊടുക്കുന്നത് തിന്മയായിരിക്കേ, അഴിമതിരഹിത രാജ്യങ്ങളുടെ മുൻനിരസ്ഥാനം കളങ്കിതമാണെന്നും പറയേണ്ടിവരും. ലോകത്തിലെ ഏറ്റവും അഴിമതി നിറഞ്ഞ പത്തുരാജ്യങ്ങളിൽ അഞ്ചുരാജ്യങ്ങൾ ലോകത്തിലെ ഒട്ടും സമാധാനമറിയാത്ത പത്തുരാജ്യങ്ങളിൽപ്പെടുന്നു എന്നറിയുമ്പോൾ കാര്യങ്ങളുടെ അപകടസ്ഥിതി മനസ്സിലാകും.

ഉപഭോഗം വർദ്ധിപ്പിച്ചുകൊണ്ടുവരാനുള്ള മോഹം, വർദ്ധിച്ച ഉപഭോഗതാത്പര്യം, അഴിമതിക്കു വഴിതെളിക്കുന്നു. പരിമിതവരുമാനംമാത്രമുള്ളവരെ സംബന്ധിച്ച് പ്രത്യേകിച്ചും ഇതാണ് വാസ്തവം. ഈ സാമൂഹിക പശ്ചാത്തലത്തിലാണ് നമ്മുടെ ജീവിതശൈലി പൊതുസമൂഹത്തിന് എന്തുസന്ദേശമാണു നൽകുന്നത് എന്നു പരിശോധിക്കേണ്ടിവരുന്നത്. നമ്മുടെ ജീവിതങ്ങൾക്ക് സുതാര്യത ഉണ്ടെങ്കിലേ ഇരുളിടങ്ങളിലേയ്ക്ക് പ്രകാശമായി നമുക്കു കടന്നുചെല്ലാനാകൂ. Corruptio Optimi Pessima-ഏറ്റവും നല്ലവരുടെ ഇടയിലെ അഴിമതിയാണ് ഏറ്റവും മോശമായിട്ടുള്ളത് എന്ന് മഹാനായ ഗ്രിഗറി പറഞ്ഞിട്ടുണ്ട്. അഴിമതി ചെയ്യാനുള്ള പ്രലോഭനത്തിൽനിന്ന് ആർക്കും പ്രത്യേകസംരക്ഷണമില്ലെന്നും അദ്ദേഹം തുടർന്നുപറയുന്നുണ്ട്. അന്നന്നേപ്പത്തിന്റെ വ്യഗ്രതകളാണ് നമ്മുടെ ജീവിതങ്ങളെ ഭരിക്കുന്നതെന്ന തോന്നൽ മറ്റുള്ളവർക്ക് ഉണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധവേണ്ടിവരുന്നു. സ്വർഗ്ഗരാജ്യവും അതിന്റെ നീതിയും തെളിഞ്ഞുനിൽക്കുന്ന സുതാര്യത നമ്മുടെ ജീവിതങ്ങളിൽ മനുഷ്യർ ദർശിച്ചാൽ അതെത്ര സുന്ദരമായ ബദൽ മാതൃകയാകും. വരാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ മുന്നനുഭവമാക്കിക്കൊണ്ട് നമ്മുടെ ജീവിതങ്ങളെ പീഠത്തിൽ തെളിച്ചുവച്ച ദീപങ്ങളാക്കാം.

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ